# दीनवत्सला जननी।

आमुखम् - ഉപദേശരൂപത്തിലുള്ള കഥകളാൽ സമ്പന്നമാണ് മഹാഭാരതം. ദുര്യോധനനാൽ ചെയ്യപ്പെട്ട പാണ്ഡവദ്രോഹം കാണുന്ന വ്യാസൻ ധൃതരാഷ്ട്രനെ സമീപിച്ചിട്ട് ദുഃഖിതരായ പാണ്ഡവർ പ്രത്യേകശ്രദ്ധയ്ക്ക് അർഹരാണെന്ന് ഉപദേശിക്കുന്നു. സംഭാഷണത്തിന്റെ ഇടയിൽ ഒരു കഥയും പറയുന്നു. മഹാഭാരതത്തിലെ വനപർവ്വത്തിലുൾപ്പെട്ടതായ ഈ കഥ ദീനന്മാരോടുള്ള ദയയെപ്പറ്റി പ്രതിപാദിക്കുന്നു. സമൂഹത്തിൽമാത്രമല്ല ബന്ധുക്കളുടെ ഇടയിലും വ്യക്തിഭേദങ്ങൾ കാണപ്പെടുന്നുണ്ട്. അവിടെയും ആവശ്യമാണെങ്കിൽ പ്രത്യേകശ്രദ്ധ കൊടുക്കേണ്ടതാണ് എന്ന് ഈ കഥ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ഒരു കർഷകൻ കാളകളെ ഉപയോഗിച്ച് വയൽ ഉഴുകുകയായിരുന്നു. ആ രണ്ടു കാളകളിൽ ഒന്ന് ശരീരംകൊണ്ട് ദുർബലനും വേഗത്തിൽ പോകുവാൻ അശക്തനുമായിരുന്നു. അതുകൊണ്ട് കർഷകൻ ആ ദുർബലനായ കാളയെ മുടിങ്കോലുകൊണ്ട് അടിച്ച് തെളിയ്ക്കുകയായിരുന്നു. ആ കാള കലപ്പ വഹിക്കുവാൻ പറ്റാതെ വയലിൽ വീണു. ക്രുദ്ധനായ കർഷകൻ അതിനെ എഴുന്നേൽപ്പിക്കുവാനായി അനേകം തവണ അടിച്ചുവെങ്കിലും കാള എഴുന്നേറ്റില്ല.

കർഷകനാൽ അടിയ്ക്കപ്പെട്ട തന്റെ പുത്രനെ കണ്ടിട്ട് എല്ലാ പശുക്കളുടെയും മാതാവായ കാമധേനുവിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഉതിർന്നു. സുരഭിയുടെ ഈ അവസ്ഥ കണ്ടിട്ട് ദേവേന്ദ്രൻ അവളോട് ചോദിച്ചു. "അല്ലയോ നല്ലവളെ! എന്തിനാണ് കരയുന്നത്? പറഞ്ഞാലും" . അവളാകട്ടെ "അല്ലയോ ഇന്ദ്ര! പുത്രന്റെ ദൈന്യം കണ്ടിട്ടാണ് ഞാൻ കരയുന്നത്. അവൻ വയ്യാത്തവനാണെന്ന് അറിഞ്ഞിട്ടും കർഷകൻ അവനെ വളരെയധികം പീഡിപ്പിക്കുന്നു. അവൻ പ്രയാസത്തോടെയാണ് ഭാരം വഹിയ്ക്കുന്നത്. അടിയും സഹിയ്ക്കുന്നു. മറ്റു കാളയെപ്പോലെ നുകം സഹിയ്ക്കുവാൻ ഇവന് ശേഷിയില്ല. ഇത് ഭവാൻ കാണുന്നില്ലേ?" എന്ന് മറുപടി പറഞ്ഞു.

"അല്ലയോ മംഗളവതി! തീർച്ചയായും. എന്നാൽ ആയിരക്കണക്കിന് പുത്രന്മാരുണ്ടെങ്കിലും നിനക്ക് ഇവനിൽമാത്രം ഇത്തരത്തിലുള്ള വാത്സല്യം എപ്രകാരം എന്ന് ഇന്ദ്രനാൽ ചോദിയ്ക്കപ്പെട്ടവളായ കാമധേനു മറുപടി പറഞ്ഞു. "ധാരാളം സന്താനങ്ങൾ എനിയ്ക്കുണ്ട് എന്നത് സത്യം തന്നെ. അങ്ങനെയാണെങ്കിലും ഞാൻ ഈ പുത്രന്റെ കാര്യത്തിൽ പ്രത്യേകമായ

ആത്മവേദന അനുഭവിയ്ക്കുന്നു. എന്തെന്നാൽ ഇവൻ മറ്റുള്ളവരെക്കാൾ ദുർബലനാണ്. എല്ലാ സന്താനങ്ങളിലും അമ്മ തുല്യവാത്സല്യമുള്ള വൾതന്നെയാണ്. എങ്കിലും ദുർബലനായ പുത്രനിൽ അമ്മയ്ക്ക് അത്യധികമായ ദയ പ്രകൃതിസഹജമാണ്." സുരഭിയുടെ വാക്കുകൾ കേട്ടിട്ട് അങ്ങേയറ്റം വിസ്മയിച്ചവനായ ഇന്ദ്രന്റെയും ഹൃദയമലിഞ്ഞു. അവനാകട്ടെ അവളെ ഇങ്ങനെ ആശ്വസിപ്പിച്ചു. "പോകൂ മകളെ! എല്ലാം മംഗളമായി ഭവിയ്ക്കും."

പെട്ടെന്ന്തന്നെ കാറ്റോടും ഇടിവെട്ടോടുംകൂടി മഴപെയ്തു. നോക്കിയിരിക്കെ എല്ലായിടത്തും വെള്ളപ്പൊക്കമുണ്ടാകുകയും ചെയ്തു. കർഷകൻ ജോലിയ്ക്ക് തടസ്സം വന്നതിനാൽ ഉഴുകുന്നതിൽനിന്ന് പിന്തിരിഞ്ഞ് കാളകളെയും നയിച്ച്കൊണ്ട് വീട്ടിലേയ്ക്ക് പോയി.

ശ്ലോകത്തിന്റെ ആശയം:-

അമ്മ സർവ്വസന്താനങ്ങളിലും തുല്യവാത്സല്യമുള്ളവളാണ്. എന്നാൽ ദുർബലനായ പുത്രനിൽ അമ്മ വളരെയധികം ദയവുള്ളവളായിരിക്കും.

तादनम् - കാളയെ അടിയ്ക്കുന്ന മുടിങ്കോൽ

दरीदृश्यते - കാണപ്പെടുന്നു. (दृशिर् धातोः यङ् രൂപം. )

सम्बोधनारूपाणि - अयि शुभे, भो वासव, भद्रे, वत्से

बलीवर्दः - കാള

ऊढ्वा - വഹിച്ചിട്ട് (वह् धातोः ക്ത്വാന്തമവ്യയം)

रुदिर् - अश्रुविमोचने - रोदिति रुदितः रुदन्ति। (കരയുന്നു)

धुरम् - നുകം

कर्मणि शानच् -

पठ्यमानः - പഠിയ്ക്കപ്പെടുന്നവൻ

गम्यमानः - പോകപ്പെടുന്നവൻ

नुद्यमानः - തെളിയ്ക്കുന്നവൻ

कर्तरि शानच् -

पचमानः - പാചകംചെയ്യുന്നവൻ

कम्पमानः - ഇളകുന്നവൻ

वन्दमानः - വന്ദിക്കുന്നവൻ

जल्पमानः - വെറുതെ ഓരോന്ന് പറയുന്നവൻ

शतृप्रत्ययः -

गच्छन् - പോകുന്നവൻ

पचन् - പാകം ചെയ്യുന്നവൻ

ताडयन् - അടിയ്ക്കുന്നവൻ

रुदन् - കരയുന്നവൻ

प्रेरयन् - പ്രേരിപ്പിയ്ക്കുന്നവൻ

पठन् - പഠിയ്ക്കുന്നവൻ

| | | | |
|---|---|---|---|
| लङ् | - आसीत् | आस्ताम् | आसन् |
| लट् | - अस्ति | स्तः | सन्ति |
| लोट् | - अस्तु,स्तात् | स्तां | सन्तु |

लङ् - अपठत्, अगच्छत्, अभवत्, .........................

लट् - पठति, गच्छति, भवति, .......................

लोट् - पठतु, गच्छतु, भवतु, .......................

यद्यपि तथापि ഉപയോഗിച്ചുള്ള വാക്യപ്രയോഗം.

1. यद्यपि अहं पाठं सुष्ठु अपठम् तथापि पूर्णं अङ्कं न सम्प्राप्तवान्। (ഞാൻ പാഠം നന്നായി പഠിച്ചുവെങ്കിലും മുഴുവൻ മാർക്കും നേടിയില്ല)
2. രാജു യഥാസമയം ബസ്സ്റ്റോപ്പിലെത്തിയെങ്കിലും ബസ് കിട്ടിയില്ല.
3. മുത്തച്ഛൻ മരുന്ന് മുഴുവൻ കുടിച്ചുവെങ്കിലും രോഗശമനം ഉണ്ടായില്ല.
4. ജനങ്ങൾ ചിത്രശാലയിലേയ്ക്ക് പോയെങ്കിലും അവിടെ വൈദ്യുതി ഉണ്ടായിരുന്നില്ല.
5. വൃക്ഷത്തിൽ അനേകം പഴങ്ങൾ ഉണ്ടെങ്കിലും ചിലവ ഉപയോഗശൂന്യമായിരുന്നു.

अपत्येषु च सर्वेषु जननी तुल्यवत्सला - टिप्पणी।

मातृत्वं सर्वदा सर्वथा अतिविशिष्टमेवेति वक्तुं शक्यते। पुत्रेषु दृष्टेष्वपि जनन्याः वात्सल्यं प्रवहति। "जननी जन्मभूमिश्च स्वर्गादपि गरीयसी" इति सुभाषितं खलु। स्वपुत्राणां दुष्टतां प्रति किमपि न अन्यान् बोधयति। ये जनाः  यस्याः जनन्याः दुष्टान् स्वपुत्रान् भर्त्सयन्ति तथापि तस्याः जनन्याः ते न दुष्टा एव। तस्याः वात्सल्यं चेतस्येव इति सामान्यम्। किन्तु विशेषतया वक्तुं शक्यते, देशकालभेदात् काचित् जननी न तुल्यवत्सला भवेत्। एकस्य पुत्रस्य पार्श्वे धनं अधिकमस्ति अन्यस्य पार्श्वे दारिद्र्यमेव। तदा धनिकपार्श्वे अधिकवात्सल्यं भवेत्। तन्न गणना आवश्यकी।

मातृवात्सल्यप्रतिपादिका कथा -

बाल्यकाले श्रीकृष्णेन दुर्घटं कर्म चक्रे तथापि यशोदया न क्रोधिता वात्सल्यत्वात्। एवं सहनशक्तिरपि अस्ति जनन्याः। दुर्वासाः परीक्षितुकामः कुन्तीदेवीं प्राप्तवान्। "अहं स्नानं कर्तुं गच्छामि। प्रत्यागमनानन्तरं पायसं आवश्यकमस्ति" इति ऋषिः उक्तवान्। कुन्तीदेवी पायसं कृतवती। ऋषिरागत्य आग्नेयं पायसपात्रं स्कन्धे स्थापितुं निर्दिष्टवान्, सा कृतवती। ऋषिणा सा अनुगृहीता।